ആശുപത്രി കെട്ടിടങ്ങളുടെ പണി.

* 950. [13] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത സാമ്പത്തികവർഷത്തിൽ (1964-65) ഏതെല്ലാം താലൂക്ക് ഹെഡ്കാർട്ടേഴ്സിൽ പുതുതായി ആസ്പത്രി കെട്ടിടങ്ങൾ പണിയുന്നതിനും നിലവിലുള്ള ഡിസ്പെൻസറികളെ ആസ്പത്രികളായി ഉയർത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്;

(ബി) അപ്രകാരം തീരുമാനിച്ചിട്ടുള്ളതിൽ ചെങ്ങന്നൂർ താലൂക്ക് ഹെഡ്കാർട്ടേഴ്സിലെ ഡിസ്പെൻസറിയും ഉൾപ്പെടുമോ;

(സി) ഇല്ലെങ്കിൽ ചെങ്ങന്നൂർ താലൂക്ക് ഹെഡ്കാർട്ടേഴ്സിലുള്ള ഗവണ്മെൻറ് ഡിസ്പെൻസറിയോടനുബന്ധിച്ച് ഒരു പുതിയ കെട്ടിടം കൂടെ സ്ഥാപിക്കുന്നതിനും, നിലവിലുള്ള ഡിസ്പെൻസറിയെ ഒരു ആശുപത്രിയാക്കി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ എടുക്കാൻ ദയവുണ്ടാകുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം പി. ഗോവിന്ദൻ നായർ):

ബഡ്ജറ്റ് പാസ്സാക്കുന്നതിനു മുമ്പ് തയ്യാറാക്കിയ ഉത്തരമാണ് ഞാൻ പറയുന്നത്.

(എ) 1964–65 ബഡ്ജറ്റ് പാസ്സായതിൻെറ ശേഷമേ ഇതു തീരുമാനിക്കുകയുള്ളൂ.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) നടപടികൾ എടുത്തുവരുന്നുണ്ട്.

അഴിമതി ആരോപണങ്ങൾ.

* 951. [14] ശ്രീ.കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിരോധന നിയമത്തിൻെറ പരിധിയിൽ സഹകരണ സംഘങ്ങളിലെ ഔദ്യോഗിക ഭാരവാഹികൾ, സ്റ്റോർ മാനേജരന്മാർ, തുടങ്ങിയവരെ ഉൾപ്പെടുത്തിയതിനു ശേഷം പുതുതായി ഉൾപ്പെടുത്തപ്പെട്ട ഏതെങ്കിലും വിഭാഗത്തിൽപെട്ട ആളുകളുടെ മേലുള്ള ഏതെങ്കിലും അഴിമതി ആരോപണങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഈ നിയമമനുസരിച്ച് ഏതെങ്കിലും സഹകരണ സംഘത്തിലെ ഔദ്യോഗിക ഭാരവാഹികളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സഹകരണ സംഘങ്ങളിലെ ഔദ്യോഗിക ഭാരവാഹികളെപ്പറ്റിയാണ് അന്വേഷണം നടത്തിയത്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി) പ്രാഥമികാന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്.

(സി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള: ഈ അന്വേഷണത്തിൽ എത്ര കേസുകളിൽ ആരോപണം ശരിയാണെന്നു തെളിഞ്ഞിട്ടുണ്ട്?

---

* Appendix III

LIBRARY ARCHIVES Kerala Legislative Assembly